LIBRARY ARCHIVES Kerala Legislative Assembly

എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകാവുന്ന പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകി ആഡിറ്റ് ഉക ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യ. ഇതിൽ അംഗീകാരം നൽകാത്ത നിർദ്ദേശങ്ങൾ സഹകരണസംഘം രജിസ്ട്രാർ, ആഡിറ്റ് ഡയറക്ടർ, അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), അഡീഷണൽ രജിസ്ട്രാർ (ആഡിറ്റ്), രജിസ്ട്രാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ധൻ എന്നിവരടങ്ങിയ സംസ്ഥാനതല കമ്മിറ്റി പരിശോധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ടി ക്യാമ്പയിന്റെ നോഡൽ ഓഫീസർ സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) ആണ്. സംസ്ഥാനതല കമ്മിറ്റി 5 പ്രാവശ്യം കൂടി തീരുമാനമെടുത്തിട്ടുണ്ട്.

തിരൂർ മണ്ഡലത്തിലെ വികസനം

130 (515) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ, ഗ്രാമവ്യവസായ വകുപ്പ് മുഖേന തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതേവരെ എത്ര ഉക ചെലവഴിച്ചിട്ടുണ്ട് എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

സഹകരണ വകുപ്പ് മുഖേന തിരൂർ നിയോജകമണ്ഡലത്തിൽ സംസ്ഥാന പദ്ധതികൾക്കായി 24 സഹകരണ സംഘങ്ങൾക്ക് ആകെ 30.65 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

1. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 13.35 ലക്ഷം രൂപ (14 സംഘങ്ങൾ)
2. വനിത സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 3.90 ലക്ഷം രൂപ (4 സംഘങ്ങൾ)
3. വനിത സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധന ഗ്രാന്റ് 6.90 ലക്ഷം രൂപ (4 സംഘങ്ങൾ)
4. ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 2.00 ലക്ഷം രൂപ (1 സംഘത്തിന്)
5. വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 4.50 ലക്ഷം രൂപ (1 സംഘത്തിന്).

കൂടാതെ ഖാദിഗ്രാമവ്യവസായ മേഖലയിൽ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം 1067325 രൂപയും ഫ്ലാഗ്ഷിപ്പ് പദ്ധതി പ്രകാരം 50,000 രൂപയും 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം 3 ലക്ഷം രൂപയും ചെലവഴിച്ച് സംരംഭക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

131 (516) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സഹകരണവകുപ്പ് മുഖേന ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുതപദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽ വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിന് 66 സഹകരണ സംഘങ്ങൾക്ക് 384.39 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഇടുക്കി നിയോജകമണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല എന്നാൽ വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ചുവടെ പറയുംവിധം തുക അനുവദിച്ചിട്ടുണ്ട്:

1. ദുർബല മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം - 20 ലക്ഷം രൂപ
2. ദുർബല പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം - 20 ലക്ഷം രൂപ
3. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായം - 35 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly